''ഭരണഭാഷ - മാതൃഭാഷ''

എഫ്2/5909/2023

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : 24/08/2023
ഫോൺ : 0484-2422210, 2422227
ഇ-മെയിൽ : ddeekm.dge@kerala.gov.in

**മെമ്മോ**

വിഷയം:പൊതു വിദ്യാഭ്യാസം - സർക്കാർ / എയ്ഡഡ് / സ്വാശ്രയ ഡി.എൽ.എഡ് (2023-2025) അലോട്ട്മെന്റ് - അഭിമുഖം - സംബന്ധിച്ച്

സൂചന : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.07.2023 എം2/1305657/2023/ഡി.ജി.ഇ . നമ്പർ വിജ്ഞാനം

വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഡി.എൽ.എഡ്-ന്റെ ദ്വിവത്സര കോഴ്സിലേക്കുള്ള **ഗവ/എയ്ഡഡ്,സ്വാശ്രയം** 2023-2025 വർഷത്തെ പ്രവേശനത്തിന്റെ അഭിമുഖവും, തെരഞ്ഞെടുപ്പും **സെപ്റ്റംബർ 12,13,14 തിയതികളിൽ** രാവിലെ **9.30 മണിയ്ക്ക് ഇടപ്പള്ളി ഗവർമെന്റ് എച്ച് എസ്സ് എസ്സിൽ** വച്ച് നടത്തപ്പെടുന്നു.**(സ്വാശ്രയം ഉച്ചയ്ക്ക് 2 മണി മുതൽ ആയിരിക്കും)** അഭിമുഖത്തിന് ലഭിച്ച അറിയിപ്പും താഴെ പറയുന്നവയുടെ അസ്സൽ രേഖകളും സഹിതം നിർബന്ധമായും താങ്കൾ നിശ്ചിത സമയത്ത് ഹാജരാകേണ്ടതാണ് കൊണ്ടുവരേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദവിവരങ്ങൾ സൂചന വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ളവ താഴെ നൽകിയിരിക്കുന്നു.

1. എസ്.എസ്.എൽ.സി ബുക്ക്
2. ഹയർ സെക്കണ്ടറി / പ്രീ-ഡിഗ്രി / തത്തുല്യമായി അംഗീകരിച്ച പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/NIOS പാസ്സായവരുടെ Equivalency Certificate
3. അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി) നിലവിൽ ഏതെങ്കിലും കോഴ്സ് പഠിക്കുന്ന കുട്ടികൾ പ്രവേശനം ലഭിച്ചതിനു ശേഷം ടി.സി ഹാജരാക്കിയാൽ മതിയാകുന്നതാണ്
4. സ്വഭാവ സർട്ടിഫിക്കറ്റ്
5. ഗവ.അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ ഫോറം 42-ൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. ജവാന്റെ / വിമുക്തഭടന്റെ ആശ്രിതനാണെന്ന് തെളിയിക്കുന്നതിനുള്ള നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്.
7. പിന്നോക്ക വിഭാഗത്തിന് നിശ്ചിത ഫോറത്തിലുള്ള ജാതി സർട്ടിഫിക്കറ്റ്.
8. ഇക്കോണോമിക്കലി വീക്കർ സെക്ഷന്റെ (EWC Certificate) സർട്ടിഫിക്കറ്റ്.
9. ഭിന്നശേഷിക്കാരായവർ അവരവരുടെ (ജി.ഒ.(എം .എസ്)31/81/ജി.എഡ്യു., തീയതി27.02.1981) പ്രകാരം സർക്കാർ നിർദേശിച്ച വൈകല്യത്തിൻറെ തീവ്രത (ശതമാനം)കാണിക്കുന്ന സർട്ടിഫിക്കറ്റ്.
10. എൻ. സി .സി സർടിഫിക്കറ്റ്.

ഈ കോഴ്സിന് സീറ്റുകൾ പരിമിതവും യോഗ്യരായവർ ഏറെയുള്ള സാഹചര്യത്തിൽ താങ്കൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള സമയത്ത് താങ്കൾ ഹാജരായിട്ടില്ലാത്ത പക്ഷം തൊട്ടടുത്തയാളെ പരിഗണിക്കുന്നതും താങ്കളുടെ അവസരം നഷ്ടപ്പെടുന്നതുമാണ്. ഇക്കാര്യത്തിൽ പുന:പരിശോധന നടത്തുന്നതല്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളും അസ്സൽ രേഖകളും തമ്മിൽ ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം താങ്കളുടെ പ്രവേശനം റദ്ദാക്കുന്നതായിരിക്കും. അസ്സൽ രേഖകളുടെ സമർപ്പണത്തിന് മറ്റൊരവസരം നൽകുന്നതല്ല. താങ്കൾ തെരഞ്ഞെടുക്കുന്ന പക്ഷം തൽസമയം തന്നെ നിശ്ചിത ഫീസ് ഒടുക്കി അന്നേ ദിവസം തന്നെ പ്രവേശനം നേടേണ്ടതാണ്. **അപേക്ഷിച്ച എല്ലാവരെയും അഭിമുഖത്തിന് ക്ഷണിച്ചിട്ടുണ്ട്. സീറ്റുകൾ പരിമിതമായതിനാൽ പി.എസ്.സി റാങ്ക്ലിസ്റ്റ് പ്രകാരമുള്ള കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞാൽ ഇന്റർവ്യൂ അവസാനിക്കുന്നതായിരിക്കും..**

| | | | |
|---|---|---|---|
| 1 | സയൻസ് | ഗവണ്മെന്റ് / എയ്ഡഡ് / സ്വാശ്രയം | 12/09/2023 |
| 2 | ഹ്യുമാനിറ്റീസ് | ഗവണ്മെന്റ് / എയ്ഡഡ് / സ്വാശ്രയം | 13/09/2023 |
| 3 | കോമേഴ്സ് | ഗവണ്മെന്റ് / എയ്ഡഡ് / സ്വാശ്രയം | 14/09/2023 |

വിശ്വസ്തതയോടെ

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം